# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com**

**BCDD-A3/1289/2017(1)** തീയതി : 17/05/2017

## മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി

### പൊതു നിർദ്ദേശങ്ങൾ

വ്യക്തികൾക്ക് പരാമാവധി 50,000/- രൂപ (ആകെ ഉപകരണങ്ങൾ/കെട്ടിടം എന്നീ ചെലവുകളുടെ 50% എന്ന നിബന്ധനയ്ക്ക് വിധേയമായി) ഗ്രാന്റായി ആണ് അനുവദിക്കുന്നത്. നിലവിൽ ഈ നിർമ്മാണ തൊഴിൽ ചെയ്യുന്ന അർഹരായ വ്യക്തികൾ വ്യക്തമായ പദ്ധതി റിപ്പോർട്ട് സഹിതം അപേക്ഷയും രേഖകളും സമർപ്പിക്കണം. വർക്ക് ഷെഡ് നിർമ്മിക്കാനുദ്ദേശിക്കുന്നവർ ഷെഡ്ഡിന്റെ എസ്റ്റിമേറ്റ്, ഗുണമേന്മയുള്ള യന്ത്രോപകരണങ്ങളുടെ ക്വട്ടേഷൻ, ആവശ്യമായ ചൂള, ഇന്ധനം സംബന്ധിച്ച് വിശദാംശങ്ങൾ എന്നിവ പദ്ധതി റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. അപേക്ഷ പരിശോധിച്ച് അർഹരായ വ്യക്തികൾ നിബന്ധനകൾക്ക് വിധേയമായി നിയമാനുസൃതം കരാർ ഒപ്പിടുമ്പോൾ 50%(പരമാവധി 25000/-രൂപ) ആദ്യ ഗഡുവായി അനുവദിക്കുന്നു. നിർമ്മാണം പൂർത്തിയാക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രം രണ്ടാം ഗഡു അനുവദിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുമ്പും ശേഷവുമുള്ള ഫോട്ടോകൾ നിർബന്ധമാണ്. **മുൻ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരും, മൺപാത്ര വിപണനം നടത്തുന്നവരും 60 വയസ്സ് പൂർത്തിയായവരും അപേക്ഷിക്കേണ്ടതില്ല.**

അർഹത സംബന്ധിച്ച വ്യവസ്ഥകൾ - വ്യക്തികൾ

- സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം.
- നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരായിരിക്കണം.
- വരുമാനം **ഒരു ലക്ഷത്തിൽ** അധികരിക്കരുത്. (ബി.പി.എൽ വിഭാഗത്തിന് മുൻഗണന).
- വില്ലേജ് ഓഫീസറിൽ നിന്നും വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി/സെക്രട്ടറി നൽകുന്ന മൺപാത്ര തൊഴിൽ നിലവിൽ ചെയ്യുന്നവരാണെന്ന സാക്ഷ്യപത്രം നിർബന്ധമാണ്.

- ❖ പ്രോജക്ട് റിപ്പോർട്ട്.

പൂരിപ്പിച്ച അപേക്ഷകൾ പ്രോജക്ട് റിപ്പോർട്ടും സർട്ടിഫിക്കറ്റുകളും സഹിതം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽപ്പെട്ട അപേക്ഷകർ "ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ, ഒന്നാം നില, കോഴിക്കോട്-673020" എന്ന വിലാസത്തിലും തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ അപേക്ഷകർ "ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682030" എന്ന വിലാസത്തിലും **30.06.2017** നകം ലഭ്യമാക്കേണ്ടതാണ്. അപൂർണ്ണവും സാക്ഷ്യപത്രങ്ങളില്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കഴിഞ്ഞ വർഷം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ടി അപേക്ഷകളിൽ അർഹതയുള്ളവരെ ഈ വർഷം പരിഗണിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471-2727379 (വകുപ്പ് ഡയറക്ടറേറ്റ്), 0484-2429130 (എറണാകുളം മേഖലാ ഓഫീസ്), 0495-2377786 (കോഴിക്കോട് മേഖലാ ഓഫീസ്), *email:* ***obcdirectorate@gmail.com,*** വെബ് വിലാസം: ***www.bcdd.kerala.gov.in***

(ഒപ്പ്)

**ഡയറക്ടർ**

ജില്ല :

കേരള സർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്
# പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി 2017-18

ഫോട്ടോ

## വ്യക്തികൾക്കുള്ള അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ/അപേക്ഷകയുടെ പേര് | |
| 2. | അപേക്ഷകന്റെ/അപേക്ഷകയുടെ സ്ഥിര മേൽവിലാസം | ഫോൺ : |
| 3. | അപേക്ഷകന്റെ/അപേക്ഷകയുടെ മതം, ജാതി | |
| 4. | സ്ത്രീ /പുരുഷൻ | |
| 5. | ജനനതീയതി, പ്രായം | |
| 6. | വാർഷിക വരുമാനം | |
| 7. | അപേക്ഷകൻ/അപേക്ഷക താമസിക്കുന്ന തദ്ദേശഭരണ പ്രദേശം, താലൂക്ക്, ജില്ല | |
| 8. | റേഷൻ കാർഡ് നമ്പർ | |
| | ആധാർ നമ്പർ | |
| | ബാങ്ക് അക്കൗണ്ട് നമ്പർ | |
| | IFS കോഡ് | |
| 9. | നിയമസഭാ മണ്ഡലം | |
| 10. | മൺപാത്ര നിർമ്മാണമാണെങ്കിൽ ഉല്പാദിപ്പിക്കുവാനുദ്ദേശിക്കുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ | |
| 11. | നിർമ്മാണ യൂണിറ്റ് തുടങ്ങുന്ന സ്ഥലം, തദ്ദേശഭരണ പ്രദേശം, വാർഡ് നമ്പർ, താലൂക്ക്, ജില്ല | |
| 12. | അപേക്ഷകന്റെ പേരിൽ ഇപ്പോൾ ഏതെങ്കിലും മൺപാത്ര വ്യവസായ യൂണിറ്റുകൾ നിലവിലുണ്ടോ? | |
| 13. | ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം | |
| 14. | ടി വ്യവസായ സംരംഭത്തിന് ഖാദി ബോർഡിൽ നിന്നോ മറ്റേതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ മുമ്പ് വായ്പയോ സബ്സിഡിയൊ ലഭ്യമായിട്ടോ? | |

| | | |
|---|---|---|
| (a) | ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ | |
| (b) | മൺപാത്ര നിർമ്മാണ യൂണിറ്റ് അപേക്ഷകന്റെ സ്വന്തം കെട്ടിടത്തിലല്ല എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ മേൽവിലാസം | |
| 15. | നിർദ്ദിഷ്ട യൂണിറ്റിന് ആവശ്യമായ പദ്ധതി ചെലവുകൾ | |
| 16. | ഷെഡ്ഡ് | |
| (a) | ഉപകരണങ്ങൾ / യന്ത്രസാമഗ്രികൾ | |
| (b) | മറ്റു ചെലവുകൾ | |
| (c) | പ്രവർത്തന മൂലധനം | |
| (d) | ആകെ ചെലവ് (a+b+c+d) | |
| 17 | സ്വന്തം മുതൽ മുടക്ക് / ബാങ്ക് വായ്പ | |
| | ബാങ്ക് വായ്പയാണെങ്കിൽ ബാങ്കിന്റെ പേരും മേൽവിലാസവും | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ലായെന്നും ഞാൻ ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം :
തീയതി:

അപേക്ഷകന്റെ / അപേക്ഷകയുടെ പേരും ഒപ്പും

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1) ജാതി സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
3) വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
4) നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരാണെന്നുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം.
5) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും മൺപാത്ര നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം.
6) ഖാദി & വില്ലേജ് ഇൻഡസ്ട്രിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം.
7) പ്രോജക്ട് റിപ്പോർട്ട്
8) അപേക്ഷകന്റെ പേരിൽ – IFS Code ഉള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
9) അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്.
10) തിരിച്ചറിയൽ കാർഡ് / ആധാർകാർഡിന്റെ പകർപ്പ്.

* മൺപാത്ര വിപണനം മാത്രം നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല